**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1518** **19-09-2025 - ൽ മറുപടിയ്ക്ക്**

**ഭിന്നശേഷി നിയമനത്തിലെ നടപടിക്രമങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. ആർ. മഹേഷ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ഭിന്നശേഷിക്കാർക്കായി മാറ്റിവെച്ചത് ഒഴികെയുള്ള ഒഴിവുകളിൽ സ്ഥിരനിയമനം നടത്തുവാൻ സുപ്രീംകോടതി എൻ. എസ്. എസ്. മാനേജ്മെന്റിന് അനുമതി നൽകിയ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ എല്ലാ എയ്ഡഡ് സ്കൂളുകളിലും ഇപ്രകാരം സ്ഥിര അധ്യാപക നിയമനം നടത്തുന്നതിന് അനുമതി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ; | (എ) | ഇല്ല. നായർ സർവീസ് സൊസൈറ്റി ഫയൽ ചെയ്ത എസ്.എൽ.പി (സി) നം. 11373/2024 നമ്പർ ഹർജിയിൽ ബഹു. സുപ്രീം കോടതി 04.03.2025 തീയതിയിൽ പുറപ്പെടുവിച്ച വിധിന്യായം പ്രസ്തുത മാനേജ്മെന്റിന്റെ കീഴിലുള്ള എയ്ഡഡ് സ്കൂളുകൾക്ക് മാത്രമാണ് ബാധകം. |
| (ബി) | ഭിന്നശേഷിക്കാർക്കായി മാറ്റിവെച്ച ഒഴിവുകളിലേക്കുള്ള നിയമന നടപടിക്രമങ്ങൾ പൂർത്തീകരിക്കുന്നതിനുള്ള കാലതാമസം മൂലം മറ്റ് നിയമനങ്ങൾക്ക് അംഗീകാരം നൽകുന്നതിനും ആവശ്യമായ സ്ഥിരം അധ്യാപകരെ നിയമിക്കുന്നതിനും സാധിക്കാതെ വരുന്ന സാഹചര്യം ഒഴിവാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ? | (ബി) | സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിലെ ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട് ബഹു. സുപ്രീം കോടതി SLP(C) 9566/2023 നം. ഹർജിയിൽ 30.10.2023 തീയതിയിൽ പുറപ്പെടുവിച്ച ഇടക്കാല ഉത്തരവ് പാലിച്ചുകൊണ്ട് സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിൽ ഭിന്നശേഷി നിയമന നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ഒരു സംസ്ഥാനതല സമിതിയും ജില്ലാതല സമിതികളും രൂപീകരിച്ചും ചുമതലകൾ നിശ്ചയിച്ചും സ.ഉ. (കൈ) 45/2025/പൊവിവ തീയതി 24.03.2025 ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. ഭിന്നശേഷി നിയമന നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് മറ്റ് അധ്യാപകരെ ശമ്പള സ്കെയിലിൽ ക്രമീകരിക്കുവാൻ സാധിക്കും.<br><br>ഇനിമേൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്ന് ഭിന്നശേഷി വിഭാഗത്തിലുള്ള ഉദ്യോഗാർഥികളുടെ പട്ടിക ലഭ്യമാക്കി ജില്ലാതല സമിതികളാണ് സ്കൂൾ മാനേജമെന്റുകൾക്കു, അവർ ആവശ്യപ്പെടുന്ന ഭിന്നശേഷി വിഭാഗത്തിലെ ഉദ്യോഗാർഥിയെ നിയമനത്തിനായി നൽകുന്നത്. ജില്ലാതല സമിതി മുഖേനയുള്ള ആദ്യത്തെ നിയമന പ്രക്രിയ ഒക്ടോബർ 25 നകം പൂർത്തിയാക്കാൻ നിർദേശം നൽകിയിട്ടുണ്ട്. ജില്ലാതല സമിതി മുഖേനയുള്ള നിയമന പ്രക്രിയ ആവശ്യമെങ്കിൽ വർഷത്തിൽ രണ്ട് തവണ നടത്താൻ ഉദ്യേശിക്കുന്നുണ്ട്. ഇതുവരെ വിവിധ |

| | | | |
|---|---|---|---|
| | | | എയ്ഡഡ് സ്കൂളുകളിൽ നിന്നുള്ള 1300ൽ പരം ഒഴിവുകൾ വിവിധ ജില്ലാ സമിതികളിലേക്കു റിപ്പോർട്ട് ചെയ്തിട്ടുണ്ട്.<br><br>പ്രസ്തുത സമിതി പരിശോധിക്കുന്ന അപേക്ഷകൾക്ക് ശേഷവും നിലനിൽക്കുന്ന പരാതികൾ പരിശോധിക്കുന്നതിന് സംസ്ഥാനതലത്തിൽ നവംബർ 10 നകം അദാലത്ത് സംഘടിപ്പിക്കുന്നതാണ്. അദാലത്തിലേക്കുള്ള അപേക്ഷകൾ ഒക്ടോബർ 30 നകം സംസ്ഥാനതല സമിതിയുടെ കൺവീനറായ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് സമർപ്പിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ